KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 23/03/2024

**സർക്കുലർ നമ്പർ 11/2024 (BD)**

വിഷയം:- മൈക്രോ ശാഖകളിലെ ബിസിനസ്സ് പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 15/03/2024 ലെ 577- ാ മത് ബോർഡ് യോഗത്തിലെ 10208 - ാം നമ്പർ തീരുമാനം.
2. 25/07/2023 തീയതിയിലെ 33/2023 (BD) നമ്പർ സർക്കുലർ.
3. 01/06/2022 തീയതിയിലെ 3006/Plg നമ്പർ കത്ത്.

****

മേൽ സൂചന (3) പ്രകാരം മൈക്രോ ശാഖകളുടെ വിവിധ പദ്ധതികളുടെ വാർഷിക ലക്ഷ്യം 2 വർഷത്തേക്ക് നിർണ്ണയിച്ച് നൽകിയിരുന്നു. എന്നാൽ മൈക്രോ ശാഖകളുടെ പ്രവർത്തനം 3-ാം വർഷത്തേക്ക് കടക്കുന്ന ഘട്ടത്തിൽ, എല്ലാ മൈക്രോ ശാഖകളുടേയും ബിസിനസ്സ് ലക്ഷ്യങ്ങൾ സൂചന (1) പ്രകാരം താഴെപ്പറയുന്ന രീതിയിൽ പരിഷ്കരിച്ചിരിക്കുന്നു.

1. മൈക്രോ ശാഖകൾക്ക് പരമാവധി 5 ലക്ഷം രൂപ വരെ സലയുള്ള വിവിധ മാസത്തവണകളിലെ ചിട്ടികൾ ആരംഭിക്കാവുന്നതാണ്.
2. മൈക്രോ ശാഖകളിൽ മൾട്ടി ഡിവിഷൻ ചിട്ടികൾ ആരംഭിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
3. മൈക്രോ ശാഖകളുടെ പുതിയ ചിട്ടി ബിസിനസ്സ് ലക്ഷ്യം ആദ്യ വർഷം 10 ലക്ഷം രൂപ, രണ്ടാം വർഷം 20 ലക്ഷം രൂപ, മൂന്നാം വർഷം 30 ലക്ഷം രൂപ എന്നിങ്ങനെയായിരിക്കും.
4. മറ്റ് പദ്ധതികളുടെ വാർഷിക ലക്ഷ്യം തനത് വർഷത്തെ ബഡ്ജറ്റിന് അനുസൃതമായി അനുയോജ്യമായ വിധത്തിൽ നൽകുന്നതാണ്.
5. മൈക്രോ ശാഖകളുടെ ബിസിനസ്സ് പുരോഗതി വിലയിരുത്തി സ്റ്റാഫ് പാറ്റേണിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതാണ്.

മൈക്രോ ശാഖകളുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തുമ്പോൾ വായ്പകളുടെ വാർഷിക ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേണ്ട രീതിയിലുള്ള പ്രാധാന്യം നൽകി കാണുന്നില്ല. **ആയതിനാൽ തുടർന്നുള്ള വർഷങ്ങളിൽ വായ്പാ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് അതീവ ശ്രദ്ധ പുലർത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.** മൈക്രോ ശാഖകളെ സംബന്ധിച്ച മറ്റ് നിബന്ധനകൾ എല്ലാം തന്നെ നിലവിലുള്ള രീതിയിൽ തുടരുന്നതാണ്.

**മേൽ സൂചിപ്പിച്ച പരിഷ്കാരങ്ങൾ 01/04/2024 മുതൽ നിലവിൽ വരുന്നതാണ്.**

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

പകർപ്പ്

1. DBC / മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ